കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുത്തൻചിറ ഗ്രാമപഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി.1)1985/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ നമ്പർ-0487 2331249

തിയതി:14.11.2016
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുത്തൻചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തൻചിറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ , ഭാഗം 3ലെ എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.1)1985/16 തിയ്യതി 14.11.2016

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.11.15 മുതൽ 1.11.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2.11.16 മുതൽ 9.11.16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | | |
|---|---|---|
| സുനിൽദത്ത്.എം.ആർ | : | ഓഡിറ്റ് ഓഫീസർ |
| സിനിലാൽ.എം.ജി | : | അസി.ഓഡിറ്റ് ഓഫീസർ |
| സുമിത.ടി.എ.സ് | | അസി.ഓഡിറ്റ് ഓഫീസർ |
| നിജു.സി.എസ് | : | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | 1)ശകുന്തളവേണു | 1.4.15മുതൽ30.10.15വരെ |
| | 2)സോണി.എം.പി | 12.11.15 മുതൽ31.3.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി. | എ.വി.കാർത്തികേയൻ | 01.04.15 to 31.03.16 |
| കൃഷി ഓഫീസർ | രാധിക.കെ.യു | 01.04.15 to 31.03.16 |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | 1)സനൽ.വി.എസ് | 1.4.15 മുതൽ 22.11.15 |
| | 2)ആര്യ.വി.ബി | 23.11.15 മുതൽ 31.3.16 |
| മെഡിക്കൽഓഫീസർ പി.എച്ച്.സി | 1)ഡോ.ഷീജ.എൻ.എ | 1.4.15 മുതൽ 12.10.15 |
| | 2)ഡോ.പ്രതീഷ് | 13.10.15 മുതൽ 31.3.16 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സുജാത.ആർ | 1.4.15 മുതൽ 31.3.16 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1)ഡോ.ദേവദാസ് | 01.04.15 to 30.11.15, വിരമിച്ചു |
| | (2)ഡോ.സോണിയ.ഇ.എ | 19.12.15 to 31.03.16 |
| വെറ്ററിനറി സർജൻ | ഡോ.സെയിൻ.കെ.ജി | 01.04.15 to 31.03.16 |
| പ്രധാന അദ്ധ്യാപിക .എച്ച്.എം.ജി.യു.പി.എസ് | ശശികുമാർ.ടി.എം | 01.04.15 to 31.03.16 |
| വി.ഇ.ഒ (സർക്കിൾ) | 1)ഷിഫാന.പി.എസ് | 01.04.15 to 31.03.16 |
| | 2)മുബാറക്ക്.വി.എം | 1.4.15 മുതൽ 9.9.15 |
| അസി.സെക്രട്ടറി | 1)കുമാരി.എം.പി. | 1.4.15 മുതൽ 18.8.15 |
| | 2)ജീമോൾ.ജി | 19.8.15 മുതൽ 26.8.15 |
| | 3) കുമാരി.എം.പി | 27.8.15 മുതൽ 31.3.16 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1)വത്സല.ഐ.വി | 1.4.15 മുതൽ 30.8.15 |
| | 2)ലളിത.കെ.കെ | 31.8.15 മുതൽ 31.3.16 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | നിഷ.സി | 1.4.15 മുതൽ 31.3.16 |

<u>ഉള്ളടക്കം</u>


| ക്രമനം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| ഭാഗം 2 | | |
| 12 | വാടക-ലേലം ബൈലോ തയ്യാറാക്കിയിട്ടില്ല | 2.1 |
| 13 | അന്തിമ ഫിറ്റ്നസ് ഇല്ലാതെ കെട്ടിട നമ്പർ നൽകി | 2.2 |
| 14 | കെട്ടിട നമ്പർ ഇല്ലാതെ ലൈസൻസ് നൽകി | 2.3 |
| 15 | കെട്ടിട നിർമ്മാണ റഗുലറൈസേഷൻ തുടർ നടപടി സ്വീകരിച്ചിട്ടില്ല | 2.4 |
| ഭാഗം 3 | | |
| 16 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഫയൽ ഹാജരാക്കിയില്ല | 3-1 |
| 17 | ഇടപാടുകളില്ലാത്ത അക്കൌണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. | 3-2 |
| 18 | പെൻഷൻ നൽകുന്നതിൽ കാലതാമസം | 3-3 |
| 19 | പാലിയേറ്റീവ് കെയർ മരുന്നുകൾ ലഭിച്ചിട്ടില്ല | 3-4 |
| 20 | മഴക്കാല പൂർവ്വ ശചീകരണം | 3-5 |
| 21 | എസ് സി വിഭാഗക്കർക്ക് മേശ, കസേര വിതരണം നടത്തിയിട്ടില്ല | 3-6 |
| 22 | ഒരേ പരിപാടി നടത്തുന്നതിനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ചു | 3-7 |
| 23 | ശാന്തിനഗർ കമ്മ്യൂണിറ്റി ഹാൾ പാത്രങ്ങൾ വാങ്ങൽ- സ്ഥിര നിക്ഷേപം പഞ്ചായത്തു ഫണ്ടിൽ നിക്ഷേപിച്ചില്ല. | 3-8 |
| 24 | ഭവന പുനരുദ്ധാരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 25 | ഡോക്യുമെന്ററി ചിത്രീകരണം- | 3-10 |

| | | |
|---|---|---|
| | സി.ഡി.ലഭിച്ചിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. | |
| 26 | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിൽ കാലതാമസം ഒഴിവാക്കണം- ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 3-11 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 28 | അംഗൻവാടി കെട്ടിടനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണം | 3-13 |
| 29 | വരുമാന സാക്ഷ്യപത്രം, ഇൻഷ്വറൻസ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. | 3-14 |
| 30 | കന്നുകുട്ടി പരിപാലന പദ്ധതി- നാളിതു വരെയുള്ള വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-15 |
| 31 | സ്ഥിര നിക്ഷേപം പണമാക്കി തനതു ഫണ്ടിൽ നിക്ഷേപിച്ചില്ല. | 3-16 |
| 32 | വാഴക്കന്ന് വിതരണം-മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 3-17 |
| 33 | സമഗ്ര പുരയിട കൃഷി വികസനം, സമഗ്ര നെൽകൃഷി വികസനം – വളം ടെണ്ടർ കൂടാതെ വാങ്ങി | 3-18 |
| 34 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3-19 |
| 35 | ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -അർഹമായ വിഹിതം ഉറപ്പുവരുത്തിയിട്ടില്ല | 3-20 |
| 36 | എസ്.എസ്.എ വിഹിതം നൽകൽ അപാകതകൾ | 3-21 |
| 37 | ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -അർഹതയില്ലാത്ത വ്യക്തിക്ക് നൽകി | 3-22 |
| 38 | ശാന്തിനഗർ പട്ടികജാതി കമ്മ്യൂണിറ്റി ഹാൾ- പ്രവർത്തനസജ്ജമാക്കണം | 323 |
| 39 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ-പൊതു അപാകതകൾ | 3-24 |
| 40 | മരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 3-25 |

| | | |
|---|---|---|
| 41 | ആശ്രയ പദ്ധതി – ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണം | 3-26 |
| 42 | തൊഴിലുറപ്പ് പദ്ധതി – സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കണം | 3-27 |
| 43 | ജലനിധി – അവലോകനം | 3-28 |
| ഭാഗം 4 | | |
| 44 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 47 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 49 | ഓഡിറ്റ് റിക്കവറി | 4.6 |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4.7 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 53 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 26.3.2015 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 -വാർഷിക ധനകാര്യ പത്രിക

| ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2016 | 29.7.2016 |

## 1-3-വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ

1.നാളിതു വരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ജില്ലാ, ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങൾ തിരിച്ചടച്ചിട്ടില്ല. 2014-15 ഓഡിറ്റ് റിപ്പോർട്ട് ഭാഗം 1-3 പ്രകാരമുള്ള അപാകതകൾ നിലനിൽക്കുന്നുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, രസീത് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22083483 |
| വരവ് | 45938704 |
| ആകെ | 68022187 |
| ചെലവ് | 61620657 |
| നീക്കിയിരിപ്പ് | 6401530 |

## 1-5 ഫണ്ട് വിനിയോഗം(PUBLIC ACCOUNT)

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 1931589 | 3573405 | 5504994 | 5504994 | T/C |
| എസ്.സി.പി | 3119319 | | 3119319 | 3119319 | T/C |
| ധനകാര്യ കമ്മീഷൻ | 1867356 | 1521437 | 3388793 | 3388793 | T/C |
| ലോകബാങ്ക് | 63732 | | 63732 | 63732 | T/C |
| റോഡ് | 6088740 | | 6088740 | 6088740 | |
| നോൺ റോഡ് | 205713 | | 205713 | 205713 | |

CONSOLIDATED FUND

| ഫണ്ട് ഇനം | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|
| വികസന ഫണ്ട് | 6783548 | 2550369 | 4233179 |
| എസ്.സി.പി | 6555131 | 2112150 | 4442981 |
| വികസന ഫണ്ട് ടിഎസ് പി | 12000 | 12000 | |
| ധനകാര്യ കമ്മീഷൻ | 3402582 | 2903880 | 498702 |
| ലോകബാങ്ക് | 63732 | 63732 | |
| റോഡ് | 10469000 | 7379701 | 3089299 |
| നോൺ റോഡ് | 2320000 | 376567 | 1943433 |

## 1-6പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 176 | 50770180 | 106 | 30686168 | 51 | 14 | 60.44 |

## 1-7തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3595355 | 2542262 | -1053093 | -29 |
| നികുതിയേതര വരവുകൾ | 879342 | 664092 | -215250 | -24 |
| മറ്റു വരവുകൾ | 9137040 | 6666743 | -2470297 | -27 |
| ആകെ | 13611737 | 9873097 | 3738640 | -27 |

## 1-8 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 262680 | 140 |
| കർഷക ത്തൊഴിലാളി പെൻഷൻ | 4151370 | 619 |
| വിധവപെൻഷൻ | 5865400 | 751 |
| വാർദ്ധക്യ കാലപെൻഷൻ | 5094810 | 933 |
| വികലാംഗപെൻഷൻ | 1848715 | 214 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ളപെൻഷൻ | 297600 | 38 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.11.2016 തിയ്യതിയിൽ 3.30pmന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.5620/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി ക്യാഷ് ബാലൻസ് തുക പൊരുത്തപ്പെടുന്നുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം

പൊതുവിൽ തൃപ്തികരമാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 25.10.16-26.10.2016 | 8/2016-9/2016 | ഇല്ല |
| അക്കൌണ്ടന്റ് ജനറൽ | 7.12.2009 | 2004-05 മുതൽ 2008-2009 | LBA/HQ /IW/8A1617&8A-1519/572 Dtd.7.1.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക,ലേലം -ബൈലോ തയ്യാറാക്കിയിട്ടില്ല

പുത്തൻചിറ ഗ്രാമപഞ്ചായത്തിനു മാണിയം കാവ് കമ്യൂണിറ്റി ഹാൾ, കൊമ്പത്തു കടവ്, ശാന്തി നഗർ എന്നീ ഹാളുകൾ, ഷോപ്പിംഗ് കോംപ്ളെക്സ് ( 19കടമുറികൾ) എന്നിവയിൽ നിന്നായി വാടകയിനത്തിൽ വരുമാനമുണ്ട്. എന്നാൽ പഞ്ചായത്ത് 14-15 വർഷത്തിൽ കമ്യൂണിറ്റി ഹാളിന്റെ വാടക കൂട്ടിയെങ്കിലും എസ് സി വിഭാഗക്കാർക്കായി പണിത മറ്റു ഹാളുകളുടെ വാടക ഇതേ വരെ കൂട്ടിയിട്ടില്ല. വിവാഹ ബുക്കിംഗിൽ മാണിയം കാവ് കമ്യൂണിറ്റി ഹാൾ-3000/- രൂപ ആണെങ്കിൽ മറ്റു ഹാളുകൾക്കത് 1000/-രൂപ മാത്രം ഈടാക്കുന്നുള്ളൂ. കടമുറികൾക്ക് 5% വാർഷിക വർദ്ധനവ് ഉണ്ട് . ഷോപ്പിംഗ് കോംപ്ളെക്സ് ഒഴികെ മറ്റുള്ളവയ്ക്കൊന്നും ബൈലോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ 14 തോടുകളിൽ നിന്നും 22 കുളങ്ങളിൽ നിന്നുമായി മത്സ്യകാപ്പ് ലേലം വഴിയായി ഒരു ലക്ഷത്തിലേറെയും പഞ്ചായത്തിനു വരുമാനം ലഭിക്കുന്നുണ്ട്. ലേലത്തിനും ബൈലോ തയ്യാറാക്കിയിട്ടില്ല പഞ്ചായത്ത് ഡയറക്ടർ

അംഗീകരിച്ച ബൈലോ പ്രകാരം ലേലം നടത്തുകയും വാടക ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 2-2 അന്തിമ ഫിറ്റ്നസ് ഇല്ലാതെ കെട്ടിട നമ്പർ നൽകി.

ഫയൽ നമ്പർ-എ6-2076/15

പുത്തൻചിറ പഞ്ചായത്ത് സർവ്വേ നമ്പർ 295/1ഡി യിൽ പ്രോംപ്റ്റ് പാക്ക്സ് എന്ന പേപ്പർ കാർട്ടൺ നിർമ്മാണ സ്ഥാപനത്തിന് 2/193എ എന്ന കെട്ടിട നമ്പർ നൽകിയിട്ടുണ്ട്.മേൽ ഫയൽ പ്രകാരം ടി സ്ഥാപനത്തിന് പെർമ്മിറ്റ് അനുവദിച്ചിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യത്തിന്റെ സി-6-7930/15തീയതി 12.8.15 പ്രകാരം ഫിറ്റ്നസ് അനുവദിച്ചുകൊണ്ടുള്ള കത്തിൽ സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനു മുന്പ് അന്തിമ ഫിറ്റ്നസ് വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു.എന്നാൽ നമ്പർ നൽകുന്നതിനു മുന്പ് അന്തിമ ഫിറ്റ്നസ് വാങ്ങിയതായി ഫയലിൽ ഇല്ല.ടി സ്ഥാപനത്തിന് 2016-17 ൽ ലൈസൻസും പഞ്ചായത്ത് നൽകിയിട്ടുണ്ട്.(നമ്പർ-184/16-17/15.7.2016).നിയമ പരമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതെ കെട്ടിട നമ്പർ,ലൈസൻസ് എന്നിവ നൽകിയത് ശരിയായ നടപടി ക്രമമല്ല.ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 കെട്ടിട നമ്പർ നൽകാത്ത സ്ഥാപനത്തിന് ലൈസൻസ് നൽകി

ഫയൽ നമ്പർ-എ6-2066/15

പൗലോസ് ,വാലിക്കോടത്ത് വീട്,താക്കോൽക്കാരൻ,പുത്തൻചിറ എന്ന വ്യക്തി നിലവിലുള്ള കെട്ടിടത്തിന്റെ ഉപയോഗ മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. എൻജിനീയറിങ്ങ് സ്ഥാപനമായിരുന്നു ടിയാൻ നടത്തിയിരുന്നത്. ഗോഡൌൺ നടത്തുവാൻ ആണ് ഉപയോഗ മാറ്റത്തിന് അപേക്ഷിച്ചിരുന്നത്. സംഭരണ കെട്ടിടത്തിന് ആവശ്യമായ സെറ്റ് ബാക്ക് ഇല്ലാത്തതിനാൽ നമ്പർ നൽകാനില്ല എന്ന് ടിയാനെ അറിയിച്ചിരുന്നു. ടി അപാകത പരിഹരിച്ചതായി ഫയലിൽ രേഖകൾ ഇല്ല. എന്നാൽ ടിയാന് കമ്പി,സ്റ്റീൽ എന്നിവയുടെ സംഭരണത്തിനായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് നൽകിയിട്ടുണ്ട്.(ലൈസൻസ് നമ്പർ-54/16-17/30.3.16). നമ്പർ നൽകാതെ പ്രസ്തുത കെട്ടിടത്തിന് ലൈസൻസ് നൽകിയതിന് വിശദീകരണം ആവശ്യമാണ്.

## 2-4 കെട്ടിട നിർമ്മാണ റഗുലറൈസേഷൻ-തുടർ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൻ പെർമ്മിറ്റ് എടുക്കാതെ പണി തീർത്ത കെട്ടിടങ്ങൾ പ്രസ്തുത നിർമ്മാണം റഗുലറൈസ് ചെയ്യുവാൻ അപേക്ഷ സമർപ്പിക്കുകയുംകെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് റഗുലറൈസ് ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ തുടർ നടപടികൾ പഞ്ചായത്ത് ചട്ടങ്ങളിൽ പറയും പ്രകാരം സ്വീകരിക്കുന്നതായി കാണുന്നില്ല.വിശദാംശം താഴെ ചേർക്കുന്നു.

| ഫയൽ നമ്പർ | പേര്/മേൽവിലാസം | അപാകത |
|---|---|---|
| എ6-2088/15 | ഷീജ സുധാകരൻ, കറുകപ്പിള്ളി | 100മീ റേഡിയസ് പ്ളാൻ ഇല്ല.,പ്ളോട്ട് ലെവലിലുള്ള വ്യത്യാസം പ്ളാനിൽ കാണിച്ചിട്ടില്ല. |
| എ6-2092/15 | - | സെറ്റ് ബാക്ക് ഇല്ല. |

മേൽ ഫയലുകളിൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ച കാണുന്നില്ല.2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(5) പ്രകാരം ക്രമവൽക്കരണം നിരസിക്കുവാനാണ് തീരുമാനമെങ്കിൽ നിരസിക്കുവാനുള്ള കാരണങ്ങളും അങ്ങിനെയുള്ള കെട്ടിടങ്ങളോ,കെട്ടിടഭാഗമോ പൊളിച്ചുകളയാനുള്ള കാലാവധിയും വ്യക്തമാക്കി കൊണ്ട് സെക്രട്ടറി അപേക്ഷകനെ വിവരം അറിയിക്കേണ്ടതാണ് .കാലാവധിക്കുശേഷം സെക്രട്ടറി ചട്ടം 138 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.എന്നാൽ മേൽ നടപടി ക്രമങ്ങളൊന്നും പഞ്ചായത്ത് പാലിച്ചിട്ടില്ല.ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം-ഫയൽ ഹാജരാക്കിയില്ല.

വാർഷിക കണക്ക് രസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 984380/-രൂപ വാട്ടർ

അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. തൻവർഷത്തിൽ 5/15വരെ 220 ടാപ്പുകൾക്ക് 96250 രൂപാ നിരക്കിലും 6/15മുതൽ 181 ടാപ്പുകൾക്ക് 79188 രൂപാ നിരക്കിലുമാണ് തുക നൽകിയത്. പൊതുടാപ്പുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. പ്രവർത്തന രഹിതമായ ടാപ്പുകളെ സംയുക്തപരിശോധന നടത്തി ഒഴിവാക്കിയതിനാലാണ് 6/15മുതൽ 181 ടാപ്പുകളായി കുറഞ്ഞതെന്ന് അറിയിച്ചുവെങ്കിലും ഇതു സംബന്ധിച്ച ഫയൽ ഹാജരാക്കിയില്ല.

## 3-2 ഇടപാടുകൾ ഇല്ലാത്ത അക്കൌണ്ടുകൾ -ക്ലോസ് ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ അക്കൌണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന അക്കൌണ്ടുകളിൽ വർഷങ്ങളായി ഇടപാടുകൾ നടത്തുന്നില്ല.ഇവ ക്ലോസ് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിശദാംശം താഴെ ചേർക്കുന്നു.

1.അക്കൗണ്ട് നമ്പർ-10632 എസ് സി ബി പുത്തൻചിറ

2.അക്കൗണ്ട് നമ്പർ-67291233626-എസ് ബി ടി

3.അക്കൗണ്ട് നമ്പർ-8866-എസ് സി ബി പുത്തൻചിറ

## 3-3 സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം-ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതു മൂലം പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടു. രജിസ്റ്ററിൽ പെൻഷൻ നൽകിയ വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ പെൻഷൻ അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നല്കുന്നതിലും അന്വേഷണറിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തിരികെ നൽകുന്നതിലും അപേക്ഷകൾ കമ്മിറ്റി അംഗീകാരത്തിനായി സമർപ്പിക്കുന്നതിലും കാലതാമസമുള്ളതായി പരിശോധനയിൽ കണ്ടു. ലഭ്യമായ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തതുമൂലം വളരെയധികം പേർക്ക് അപേക്ഷാ തിയതി മുതൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പെൻഷനുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന സംവിധാനം (DBT)നിലവിൽ നിലവിൽ വന്ന സാഹചര്യത്തിൽ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ അപലോഡ് ചെയ്യുന്ന തിയതി മുതൽ മാത്രമേ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുകയുള്ളൂ എന്നതിനാൽ സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ പെൻഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി തീർത്ത് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

തൻ വർഷത്തിൽ പെൻഷൻ അനുവദിച്ചതിലുണ്ടായ കാലതാമസത്തിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പെൻഷൻ ഇനം | പേര്,വിലാസം | അപേക്ഷ തിയതി | അനുവദിച്ച തിയതി | കാല താമസം(മാസം) |
|---|---|---|---|---|
| വികലാംഗപെൻഷൻ | ഷാജഹാൻ, കണ്ണൂക്കാരൻ വീട് | 23.7.14 | 28.4.15 | 8 |
| വികലാംഗപെൻഷൻ | അഞ്ജലി എം പി, ചുള്ളിപ്പറമ്പിൽ വീട് | 20.10.14 | 28.4.15 | 6 |
| വികലാംഗപെൻഷൻ | സുബ്രമണ്യൻ എ എ, ഏര്യക്കാടൻ വീട് | 19.11.14 | 28.4.15 | 5 |
| വികലാംഗപെൻഷൻ | അശ്വത്കൃഷ്ണ, കെ എസ്, കുറ്റിപ്പറമ്പത്ത്,വീട് | 19.2.16 | 11/02/16 | 8 |
| വാർദ്ധക്യകാല പെൻഷൻ | ലീല വിജയൻ, തുരുത്തുമ്മൽ വീട് | 22.1.14 | 30.5.15 | 14 |
| വാർദ്ധക്യകാല പെൻഷൻ | ജോസ് എം ഒ, മേങ്ങാട്ടുപറമ്പിൽ വീട് | 02/05/14 | 24/06/15 | 14 |
| വാർദ്ധക്യകാല പെൻഷൻ | തോമസ് പി ഒ, പടമാടൻ വീട് | 03/10/15 | 24.6.15 | 3 |

| | | | | |
|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | പോൾ എം വി, മേക്കാട്ടുപറമ്പിൽ വീട് | 24.4.15 | 26.9.15 | 5 |
| കർഷകതൊഴിലാളി പെൻഷൻ | അമ്മിണി ഏര്യക്കാടൻ വീട് | 16.9.14 | 28.4.15 | 7 |
| കർഷകതൊഴിലാളി പെൻഷൻ | തോമസ് വി.പി, വട്ടപറമ്പിൽ വീട് | 18.1.15 | 28.4.15 | 3 |
| കർഷകതൊഴിലാളി പെൻഷൻ | വള്ളിക്കുട്ടി വികെ, വാരിയത്ത് വീട് | 27.5.15 | 18.12.15 | 6 |
| കർഷകതൊഴിലാളി പെൻഷൻ | നബീസw/oമുഹമ്മദ് ഏടാ ക്കുടത്തിൽ വീട് | 21.12.15 | 25.8.16 | 8 |
| വിധവാപെൻഷൻ | ഷിനി വേണു,കുനാട്ടി പറമ്പിൽ വീട് | 12/12/14 | 30.5.15 | 5 |
| വിധവാപെൻഷൻ | വിലാസിനി വേലായുധൻ,കച്ചട്ടിൽ വീട് | 27.1.16 | 26.5.16 | 4 |
| വിധവാപെൻഷൻ | ബീന കെ കെ , പടിയഞ്ചേരി വീട് | 02/08/16 | 25.8.16 | 6 |
| വിധവാപെൻഷൻ | സുരയ്യ, പാലാമുക്കം വീട് | 17.2.1.16 | 25.8.16 | 6 |

## 3-4 പാലിയേറ്റീവ് കെയർ മുഴുവൻ മരുന്നുകളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ SO65/16 പാലിയേറ്റീവ് കെയർ പദ്ധതിയിലുൾപ്പെട്ട രോഗികൾക്കുള്ള മരുന്നുകൾ വാങ്ങുന്നതിനായി ഡി.ഡി. നമ്പർ 483013തിയതി.28.12.15 പ്രകാരം 118975 രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും 96522 രൂപയുടെ മരുന്നുകൾ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. 22453 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ സ.ഉ.(സാ)3217/15ത.സ്വ.ഭ.വ. തിയതി 29.10.15ഖണ്ഡിക.2.6.3.3 പ്രകാരം ഹോംകെയർ ടീമിന് ഭക്ഷണത്തിനായി ഒരാൾക്ക് 60 രൂപാ നിരക്കിൽ പരമാവധി മൂന്നു പേർക്ക് മാത്രമേ തുക നൽകാവൂ എന്നും ഹോം കെയറിനായി വാഹനം വാടകയ്ക്ക് എടുക്കുന്ന സംഗതിയിൽ ടി ഉത്തരവ് ഖണ്ഡിക 2.6.5.3 പ്രകാരം (യാത്ര ചെയ്യേണ്ടി വരുന്ന കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ) തുക നൽകുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ട്രിപ്പ് ഷീറ്റുകളിൽ യാത്രചെയ്യുന്ന ദൂരം രേഖപ്പെടുത്താതെയും പുതുക്കിയ മാർഗ്ഗരേഖ പ്രാബല്യത്തിൽ വന്നതിനു ശേഷവും കൂടിയ നിരക്കിൽ ഭക്ഷണത്തിനായി തുക ചെലവഴിച്ചതായും കണ്ടു. ഇക്കാര്യം പരിശോധിച്ച് അധികം നൽകിയ തുക തുടർന്നുവരുന്ന ചെലവുകളിൽ നിന്നും ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പാലിയേറ്റീവ് നഴ്സ് ഡയറി, നോമിനൽ രജിസ്റ്റർ, പ്രതിമാസ റിപ്പോർട്ട്, പി.എം.സി മിനിറ്റ്സ്, വാഹനം വാടകയ്ക്ക് എടുത്തതിന് ഉണ്ടാക്കിയ കരാർ, മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിനായി ഹാജരാക്കിയിരുന്നില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 12/8.11.16)

## 3-5 മഴക്കാല പൂർവ്വ ശുചീകരണം ചെലവു രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണ പദ്ധതിയുടെ ഭാഗമായി വാർഡുകളിൽ വിവിധ ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിനായി ചെക്ക് നമ്പർ 207215മുതൽ 207229 വരെ ചെക്കുകൾ പ്രകാരം ആകെ 150000 രൂപ സി.എച്ച്.സിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

## 3-6 എസ്.സി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് വാങ്ങിയ മേശ, കസേര പൂർണ്ണമായി വിതരണം ചെയ്തില്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ SO76/16പ്രോജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ നൽകുന്നതിനായി 50വീതം മേശ, കസേര എന്നിവ വാങ്ങിയതിന് 197500 രൂപ ഡി.ഡി. നമ്പർ

717532.തിയതി. 20.3.16 പ്രകാരം കോസ്റ്റൽ ഫർണീച്ചർ കടലുണ്ടി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ലഭിച്ച ഉപകരണങ്ങളിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 2015-16ലെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 24 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആകെ 38 സെറ്റ് ഉപകരണങ്ങൾ വിതരണം ചെയ്തതായും ബാക്കി 12 സെറ്റ് വായനാശാലാ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായും കാണുന്നു. പഞ്ചായത്തുകമ്മിറ്റി ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലാണ് മുഴുവൻ മേശയും കസേരയും വിതരണം ചെയ്യാൻ സാധിക്കാതിരുന്നതെന്ന് അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.ഉപകരണങ്ങൾ നൽകിയ മുഴുവൻ ഗുണഭോക്താക്കളുടെയും കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കേണ്ടതും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ് അല്ലാത്ത പക്ഷം ബാക്കിയായ 12 സെറ്റ് ഉപകരണങ്ങളുടെ വില ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 3-7 ഒരു പരിപാടി നടത്തിയതിന് രണ്ട് പ്രോജക്ടുകളിൽ നിന്നും തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ SO 194/16 പ്രകാരം സ്പിൽ ഓവറായി ബാലസഭാ ശാക്തീകരണത്തിനായി 75000 രൂപ വകയിരുത്തിയിരുന്നു. പ്രോജക്ട് പ്രകാരം ബാലസഭ കുട്ടികൾക്ക് ഫുട്ബോൾ ,ക്രിക്കറ്റ് പരിശീലനം എന്നിവ നൽകുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. പരിപാടിയുടെ നോട്ടീസ് പ്രകാരം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് 2016 ഫെബ്രുവരി 13,14 തിയ്യതികളിൽ പരിപാടി നടത്തുന്നുവെന്ന് കാണിച്ചിട്ടുണ്ട്. ഈ പ്രോജക്ടിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിനും കുരുത്തോല പണിക്കൂട്ടം എന്ന പരിപാടിക്ക് പരിശീലനം നൽകുന്നതിനുമായി 34475 രൂപ ചെലവഴിച്ചിട്ടുണ്ട്. അതേ സമയം പുതിയ പ്രോജക്ടായ SO64/16 പ്രകാരം ബാലസഭാ ശാക്തീകരണത്തിന് വകയിരുത്തിയ 75000 രൂപയിൽ നിന്നും 37200 രൂപ എൻ.എസ്.എസ്. കരയോഗം ഹാളിൽ വച്ച് മേൽ തിയതികളിൽ തന്നെ കുട്ടികളുടെ സർഗ്ഗോൽസവം എന്ന പരിപാടി നടത്തിയതിന് ചെലവഴിച്ചതായി കാണുന്നു. പ്രോജക്ട് പ്രകാരം കലാ സാംസ്കാരിക പരിശീലനത്തിന് 25000 രൂപയും ഫുട്ബോൾ ,ക്രിക്കറ്റ് പരിശീലനത്തിന് 50000രൂപയും വകയിരുത്തിയതായാണ് കാണുന്നത്. മേൽ സൂചിപ്പിച്ച രണ്ട് പരിപാടികൾക്കും കൂടി ലഭ്യമാക്കിയ കുട്ടികളുടെ അറ്റന്റൻസ് ഒന്നു തന്നെയാണ്. ഇതിൽ നിന്നും ഒരു പരിപാടി തന്നെ രണ്ട് പ്രോജക്ടുകൾ പ്രകാരം നടത്തിയതായാണ് കാണുന്നത് . പ്രോജക്ടിൽ ലക്ഷ്യമിട്ടതിൽ നിന്നും വ്യത്യസ്തമായി തുക ചെലവഴിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ആദ്യ മറുപടിയിൽ സാധൂകരിക്കപ്പെടാവുന്ന വിശദാംശങ്ങളോടെ മറുപടി ലഭ്യമാക്കാത്ത പക്ഷം ചെലവ് തുക ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-8 ശാന്തി നഗർ കമ്മ്യൂണിറ്റി ഹാളിലേക്ക് പാത്രങ്ങൾ വാങ്ങൽ -സ്ഥിര നിക്ഷേപം പഞ്ചായത്ത ഫണ്ടിൽ നിക്ഷേപിച്ചില്ല.

മേൽ പ്രകാരം വീകോ ട്രേഡിംഗ് എന്ന സ്ഥാപനത്തിനത്തിൽ നിന്നും പാത്രങ്ങൾ വാങ്ങിയിട്ടുണ്ട്. സ്ഥാപനം സ്ഥിര നിക്ഷേപമായി നൽകിയ 6000 രൂപയുടെ എഫ്.ഡി. നമ്പർ 86918 പണമാക്കി മാറ്റി പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയതായി കാണുന്നില്ല. ഇത് ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലീൻ മാർക്ക് ചെയ്ത് നൽകിയ സ്ഥിര നിക്ഷേപം പണമാക്കി മാറ്റി പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഡിഫക്ട് ലയബിലിറ്റി പീരീഡിനു ശേഷം പലിശയില്ലാതെ മടക്കി നൽകുകയുമാണ് ചെയ്യേണ്ടിയിരുന്നത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഭവന പുനരുദ്ധാരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി.ഭവനപുനരുദ്ധാരണം SO 197/16 പദ്ധതി പ്രകാരം 50000/-രൂപ ട്രഷറിബിൽ നമ്പർ 5/15-16.Dt.31.12.15 പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവു രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

## 3-10 ഡോക്യുമെന്ററി ചിത്രീകരണം- സി.ഡി.ലഭിച്ചിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ SO 107/16 മീഡിയാ ശ്രീ പ്രോജക്ട് പ്രകാരം 65000 രൂപ ഡി.ഡി. നമ്പർ 616439തിയതി .23.7.15കുടുംബശ്രീ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഭരണസമിതിയുടെ നേട്ടങ്ങൾ ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനാണ് തുക നൽകിയത് എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകളോ, ഡോക്യുമെന്ററിയോ ലഭിച്ചതായി

കാണുന്നില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ നിന്നും പൊതുവെ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. വിവിധ ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിവരങ്ങൾ ഡി.ഡി.ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങലുകളുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് ,സ്റ്റോക്ക് രജിസ്റ്റർ, മുഴുവൻ ഗുണഭോക്താക്കളേയും കമ്മിറ്റി അംഗീകരിച്ചതിന്റെ തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ചവ ലഭ്യമാക്കേണ്ടതാണ്.

## 3-11 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിൽ കാലതാമസം ഒഴിവാക്കണം- ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ SO 143/16 പ്രകാരം 39 ട്യൂബ് സെറ്റുകളും, So 51/16 പ്രകാരം 51 ട്യൂബ് സെറ്റുകളും 2014-15 വർഷത്തെ SO 37/15 പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ 120 സിംഗിൾ ട്യൂബ് സെറ്റുകളിൽ ബാക്കിയുള്ള 20 ട്യൂബ് സെറ്റുകൾ അടക്കം ആകെ 110ട്യൂബ് സെറ്റുകൾ ക്രൂസിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെയാണ് ക്രൂസിന് തുക നൽകിയട്ടുള്ളതെങ്കിലും നാളിതു വരെ ഇവ സ്ഥാപിച്ചിട്ടില്ല. ഇലക്ട്രിക്ക് ഉപകരണങ്ങൾക്ക് ലഭിക്കുന്ന പരമാവധി വാറണ്ടി കാലയളവ് 18 മാസമാണെന്നിരിക്കെ വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിലുള്ള കാലതാമസം ഉപകരണങ്ങൾ കേടുവന്നാൽ മാറ്റി ലഭിക്കുന്നതിന് തടസ്സമാകാൻ സാധ്യതയുണ്ട്. (മുൻ വർഷം ക്രൂസിൽ നിന്നും വാങ്ങിയ ഭൂരിഭാഗം ട്യൂബ് സെറ്റുകളും സ്ഥാപിച്ച് ഒരു മാസത്തിനുള്ളിൽ തന്നെ തകരാറിലായതായി ഫയലിൽ രേഖപ്പെടുത്തി കണ്ടു.) സ്ട്രീറ്റ് ലൈറ്റുകൾ സമയബന്ധിതമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല .ചെലവു തുക തടസ്സപ്പെടുത്തുന്നു.

തൻ വർഷത്തിൽ പ്രോജക്ട് നമ്പർ SO 208/16 ൽ വകയിരുത്തിയ 100000/-രൂപ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരത്തിന് ഡി.ഡി. നമ്പർ 717044/15.2.16പ്രകാരവും, പ്രോജക്ട് നമ്പർ SO47/16ൽ വകയിരുത്തിയ 22500 രൂപ ഐ.കെ.എം.ന് ഡി.ഡി. നമ്പർ 719443 തിയതി2.4.16 പ്രകാരവും നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവു തുക താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 3-13 അംഗൻവാടി കെട്ടിട നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തിന്റെ 7ാം വാർഡിൽ പ്രവർത്തിക്കുന്ന 35ാം നമ്പർ അംഗൻവാടി യിൽ നിലവിൽ 14 കുട്ടികൾ ഉണ്ട്. അംഗൻവാടിക്ക് സ്വന്തമായുണ്ടായിരുന്ന കെട്ടിടം അപകടാവസ്ഥയിലായതിനാൽ 3 വർഷം മുൻപ് വാടക കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റിയിരുന്നു. ഈ കെട്ടിടത്തിൽ ടോയ് ലറ്റ്, കുടിവെള്ളകണക്ഷൻ,വൈദ്യുതി എന്നിവ ഇല്ലാത്തതിനാൽ കുട്ടികൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇതുവരെ അപകടാവസ്ഥയിലായ കെട്ടിടം പൊളിച്ച പണിയുന്നതിനോ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രദേശത്തു പ്രവർത്തിക്കുന്ന ഒരു മരണസംഘത്തിന്റെ ഓഫീസാണ് നിലവിൽ അംഗൻവാടിയായി ഉപയോഗിച്ചു വരുന്നത് . കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിന് പലതവണ ആവശ്യപ്പെട്ടിട്ടും ടി പ്രദേശത്തുതന്നെ മറ്റൊരു കെട്ടിടം ലഭിച്ചിട്ടില്ലാത്തതിനാൽ കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിന് സാധിച്ചിട്ടില്ല. അംഗൻവാടികെട്ടിടം എത്രയും വേഗം പണിയുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 വരുമാന സാക്ഷ്യപത്രം, ഇൻഷൂറൻസ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

വെറ്റിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകളായ SO 192/16 ആട്ടുവളർ,ത്തൽ (എസ്.സി.പി) SO 97/16യുവജനങ്ങൾക്ക് പശു വളർത്തൽ (എസ്.സി.പി.),SO 90/16 യുവജനങ്ങൾക്ക് പശു വളർത്തൽ (ജനറൽ), SO191/16 കുടുംബശ്രീ ആട്ടുവളർ,ത്തൽ എന്നീ പ്രോജക്ടുകൾക്ക് തുക നൽകിയ ഗുണഭോക്താക്കളുടെ വരുമാനസാക്ഷ്യപത്രം, മൃഗങ്ങളെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 കന്നുകുട്ടി പരിപാലന പദ്ധതി- നാളിതു വരെയുള്ള വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു.

വെറ്റിനറി സർജൻ നടപ്പാക്കിയ SO73/16 പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിന് പഞ്ചായത്ത് പരിധിയിലെ 32 ഗുണഭോക്താക്കളുടെ വിഹിതമായ6250 നിരക്കിൽ 200000/- രൂപ ഡി.ഡി. നമ്പർ 714513 തിയതി.17.12.15 ആയി ഡെപ്യൂട്ടി ഡയറക്ടർ എസ്.എൽ.ബി.പി ക്ക് നല്കിയിട്ടുണ്ട്. നാളിതു വരെ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിനായി 800000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 200000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

## 3-16 സ്ഥിര നിക്ഷേപം പണമാക്കി തനതു ഫണ്ടിൽ നിക്ഷേപിച്ചില്ല.

വെറ്റിനറി ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിയിലുൾപ്പെടുത്തി(SO 69/16 ) വിഷ്ണു ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 100000/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ടി സ്ഥാപനം സെക്യൂരിറ്റി നിക്ഷേപമായി നൽകിയ എഫ്.ഡി. നമ്പർ K483154 പ്രകാരം 2500, രൂപയുംJ842903 പ്രകാരം 1600 രൂപയും അടക്കം ആകെ 4100 രൂപയുടെ സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ പണമാക്കി തനതുഫണ്ടിൽ അടവാക്കാമായിരുന്നത് ഇപ്പോഴും ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. വെറ്റിനറി സർജന്റെ പേരിൽ ലീൻ മാർക്ക് ചെയ്ത് ലഭിച്ച സ്ഥിരനിക്ഷേപങ്ങൾ പണമാക്കി തനത് ഫണ്ടിൽ അടവാക്കുകയും ഡിഫക്ട് ലയബിലിറ്റി പിരീഡിനു ശേഷം കരാറുകാരന്/ സപ്ളയർക്ക് പലിശ കൂടാതെ തുക നൽകുകയുമാണ് ചെയ്യേണ്ടിയിരുന്നത്. ഇങ്ങനെ ചെയ്യാതിരുന്നതു മൂലം പലിശയിനത്തിൽ പഞ്ചായത്തിനു ലഭിക്കുമായിരുന്ന തുക നഷ്ടമായിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 വാഴക്കന്ന് വിതരണം -സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പദ്ധതി നമ്പർ-86/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

ബിൽ നമ്പർ-10/15-16/29.2.2016-25035/-

-12/15-16/17.32016-60750/-

-8/15-16/23.2.2016-89250/-

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് (ജി.ഒ.(എം.എസ്)362/2013/തസ്വഭവ/16.11.2013)പ്രകാരം നാമമാത്ര കർഷകർക്ക് (2.5ഏക്കർ വരെ ഭൂമിയുള്ളവർ)മാത്രമാണ് വാഴക്കന്ന് വിതരണം നടത്താവുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി 2.5 ഏക്കറിൽ അധികം ഭൂമിയുള്ളവർക്കും വാഴക്കന്ന് വിതരണം നടത്തിയതായി കാണുന്നു.വിശദാംശം താഴെ ചേർക്കുന്നു.

| പേര് /മേൽവിലാസം | കൈവശ ഭൂമിയുടെ അളവ് | നൽകിയ വാഴക്കന്നിന്റെ എണ്ണം |
|---|---|---|
| സുജാത കമലാലയൻ, ചെമ്പനേഴത്ത് | 2.75 ഏക്കർ | 100എണ്ണം(1050രൂ സബ്സിഡി) |
| സ്മിതി ശ്രീധരൻ,നട്ടുമുറി | 5ഏക്കർ | 300എണ്ണം(3150രൂ സബ്സിഡി) |
| സരള പുരുഷോത്തമൻ, നട്ടുമുറി | 10ഏക്കർ | 450എണ്ണം(4725രൂ സബ്സിഡി) |
| ബേബി വർഗ്ഗീസ്, മാളക്കാരൻ | 4ഏക്കർ | 200എണ്ണം(2100രൂസബ്സിഡി) |
| ഭവാനി ഭവാനന്ദൻ, മഠത്തിപറമ്പിൽ | 4ഏക്കർ | 300എണ്ണം(3150 രൂ സബ്സിഡി) |
| സി.മേരി ഡേവിസ്, ഹോളി ഫാമിലി കോൺവെന്റ് | 4 ഏക്കർ | 300എണ്ണം(3150രൂസബ്സിഡി) |
| വത്സല ചന്ദ്രൻ, തുപ്രത്ത് | 2.5 ഏക്കർ | 100എണ്ണം(1050രൂസബ്സിഡി) |
| എൽസി തോമസ് , കൈതാരത്ത് | 2.58 ഏക്കർ | 75 എണ്ണം(787.50രൂ സബ്സിഡി) |
| റോസിലി ഡേവിസ്, അമ്പൂക്കൻ | 3ഏക്കർ | 200എണ്ണം(2100രൂസബ്സിഡി) |
| | ആകെ | 21262.50രൂ |

സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം ചെലവ് ചെയ്ത തുക 21262.50രൂ തടസ്സപ്പെടുത്തുന്നു.

## 3-18 സമഗ്ര പുരയിട കൃഷി വികസനം, സമഗ്ര നെൽ കൃഷി വികസനം-വളം ടെണ്ടർ കൂടാതെ വാങ്ങി.

പദ്ധതി നമ്പർ-81/16,141/16,80/16&193/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര പുരയിട കൃഷി വികസനം ജനറൽ ,വനിത&എസ് സി വനിത ,സമഗ്ര നെൽ കൃഷി വികസനം എന്നീ പദ്ധതികളിൽ വളം വിതരണം നടത്തിയിരിക്കുന്നത് പുത്തൻചിറ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് മുഖേനയാണ്. പ്രസ്തുത പദ്ധതികൾ പ്രകാരം 515446/- രൂപയുടെ വളം വാങ്ങൽ നടത്തിയിട്ടുണ്ട്.എന്നാൽ ടെണ്ടർ ക്ഷണിക്കാതെയാണ് പ്രസ്തുത വാങ്ങൽ നടത്തിയിട്ടുള്ളത്. വളം വിതരണം നടത്തിയ സ്റ്റേറ്റ്മെന്റ് മാത്രമേ ബാങ്ക് ഹാജരാക്കിയിട്ടുള്ളൂ. അനിമീൽ,വേപ്പിൻ പിണ്ണാക്ക് എന്നിവ 21 രൂപക്കും ബോൺമീൽ 25.20 രൂപക്കും കുമ്മായം 9രൂപക്കും ആണ് വാങ്ങിയിരിക്കുന്നത്. .ഇവ ബാങ്ക് ഏത് നിരക്കിൽ ആണ് വാങ്ങിയിരിക്കുന്നത് എന്നത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ടെണ്ടർ നടത്താതെ വാങ്ങൽ നടത്തിയിരിക്കുന്നതിന് വിശദീകരണം ആവശ്യമാണ്.

## 3-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത രജിസ്റ്റർ കാലികമാക്കുന്നില്ല എന്ന് കാണുന്നു.ഉദാഹരണമായി പഞ്ചായത്ത് കമ്മറ്റിയുടെ 28.9.2015ലെ 6(7)/15 തീരുമാന പ്രകാരം 2011-12 ൽ ബ്ളോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തിയ പുളിയിലകുന്ന് കുടിവെള്ള പദ്ധതി പഞ്ചായത്തിന് കൈമാറിയതായും ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കുടിവെള്ള പദ്ധതി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് പഞ്ചായത്ത് മരാമത്ത് വിഭാഗം അറിയിച്ചത്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -അർഹമായ വിഹിതം ഉറപ്പുവരുത്തിയിട്ടില്ല.

പദ്ധതി നമ്പർ-77/16&108/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐസിഡിഎ സ് സൂപ്പർവൈസർ

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നമ്പർ 362/2013/തസ്വഭവ/ ഖണ്ഡിക 5.8 പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതി തയ്യാറാക്കുമ്പോൾ അർഹമായ വിഹിതം ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ 2015-16ൽ പുത്തൻചിറ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് അർഹമായ വിഹിതം ഉറപ്പുവരുത്തിയിട്ടില്ല. ഉദാഹരണമായി മാനസിക വെല്ലുവിളി നേരിടുന്നവർക്ക് താഴെ പറയും പ്രകാരം 19000/-രൂപയ്ക്ക് അർഹത ഉണ്ടെങ്കിലും 2015-16ൽ നൽകിയത് 8138-രൂ (കൂടിയ തുക)മാത്രമാണ്.

| ഇനം | തുക |
|---|---|
| സ്കോളർഷിപ്പ് പ്രതിമാസം | 1000(*12) |
| വസ്തുങ്ങൾക്കുള്ള ബത്ത വാർഷികം | 800 |
| പഠന സാമഗ്രികൾ വാർഷികം | 1400 |
| യാത്രബത്ത പ്രതിമാസം | 400(*12) |
| ആകെ | 19000/- |

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം(സ.ഉ.എംഎസ്.നം.362/2013/തസ്വഭവ/16.11.13) വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ട മേൽപദ്ധതിക്കായി അർഹമായ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ആവശ്യമായ അടങ്കൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

## 3-21 എസ്.എസ്.എ വിഹിതം നൽകൽ -അപാകതകൾ

2015-16 വർഷത്തിൽ എസ്.എസ്.എ വിഹിതം നൽകൽ പദ്ധതിയുടെ ഭാഗമായി ബിൽ നം 1/2015-16 പ്രകാരം2015-16 വർഷത്തേക്ക് 483360/- രൂപ നൽകിയിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ്

1.G.O.(m.s) 362/2013 ത.സ.ഭ.വ തിയ്യതി 16-11-2013 പ്രകാരം സർക്കാർ നിശ്ചയിക്കുന്നത് പ്രകാരമുള്ള തുക ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ പ്രോജക്ടിനു വേണ്ടി വകയിരുത്തേണ്ടതുണ്ട്. എസ്.എസ്.എ യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടേയും പങ്കാളിത്തത്തോടെയാണ് പ്രോജക്

ട്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ പദ്ധതിപ്രകാരം പദ്ധതിയുടെ ഉദ്ദേശം, ലക്ഷ്യങ്ങൾ,പ്രവർത്തന രീതി,പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ട കാര്യങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. അംഗീകാരത്തിനും നടത്തിപ്പിനുമായി തയ്യാറാക്കുന്ന പദ്ധതി രേഖയിൽ അനി വാര്യമായ കാര്യങ്ങൾ കൂടി ഒഴിവാക്കുന്ന രീതി ശരിയല്ല.ആയത് വിശദീകരിക്കേണ്ടതാണ്.

2. 16-11-2013 ലെ ഉത്തരവ് പ്രകാരം ആകെ ചെലവിന്റെ 35% തുകയാണ് ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിഹിതമായി എസ്.എസ്.എ.ക്ക് കൈമാറേണ്ടത്. എസ്എസ്എയുടെ ജില്ല പ്രോജക്ട്ഫീസർ 27-5-2016 ൽ സമർപ്പിച്ച ഉപയോഗ സാക്ഷ്യപത്ര പ്രകാരം879608/- രൂപയാണ്2015-16ലെ ആകെ ചെലവ്.ഇത് പ്രകാരം ചെലവിന്റെ 35% തുകയായ 307863/- രൂപക്ക് മാത്രമെ എസ്.എസ്.എക്ക് അർഹതയൊള്ളൂ. ഈയിനത്തിൽ അധികംനല്കിയതുകയായ 175497/-രൂപ അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് കുറവ് വരുത്തേണ്ടതാണ്.

## 3-22 ശാരീരിക മാനസിക വെല്ലുവിളി -നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-അർഹത ഇല്ലാത്ത വ്യക്തിക്ക് നൽകി

ശാരീരിക മാനസിക വെല്ലുവിളി -നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

വൈശാഖ് ആനന്ദ് എന്ന യാൾക്ക് ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള വിഭാഗത്തിൽ പെടുത്തി സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷം ടിയാന് ഒരു മാസത്തെ എംപ്ളോയ്മെന്റ് ട്രെയ്നിങ് പ്രോഗ്രാമിൽ പങ്കെടുത്തായി മാത്രമേ രേഖ ഹാജരാക്കിയിട്ടുള്ളൂ. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 362/2013/തസ്വഭവ.തീയതി.16.11.2013 പ്രകാരം വിദ്യാർത്ഥികൾക്ക് മാത്രമേ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള വിഭാഗത്തിൽ സ്കോളർഷിപ്പ് നൽകാനാകൂ. ടിയാൾക്ക് 558/-രൂ ആണ് നൽകിയിട്ടുള്ളത്. തുക തടസ്സത്തിൽ വക്കുന്നു.

## 3-23 ശാന്തി നഗർ പട്ടിക ജാതി കമ്മ്യൂണിറ്റി ഹാൾ - പ്രവർത്തന സജ്ജമാക്കണം.

പഞ്ചായത്തിന്റെ ഉടമസ്ഥതിയിലുള്ള ശാന്തി നഗർ കമ്മ്യൂണിറ്റി ഹാളിലേക്ക് പാത്രങ്ങൾ,മൈക്ക്, മോട്ടോർ എന്നിവ SO 126/15 പ്രകാരം തൻവർഷത്തിൽ വാങ്ങിയിട്ടുണ്ട്. 9.11.2016 ന് സ്ഥലപരിശോധന നടത്തിയതിൽ നിന്നുംപ്രോജക്ട് പ്രകാരം വാങ്ങിയ മോട്ടോർ ഇതുവരെ ഫിറ്റ് ചെയ്തിട്ടില്ലെന്ന് കണ്ടു. മാത്രമല്ല ഹാളിന്റെ ജനൽചില്ലുകൾ പലതും പൊട്ടിയിരിക്കുന്നതായും, ടോയ് ലറ്റിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ടാപ്പുകളിൽ വെള്ളം വരുന്നില്ലായെന്നും ആവശ്യമായ മാലിന്യ സംസ്കരണ സംവിധാനം ഹാളിനോടനുബന്ധമായി ഇല്ലായെന്നും കണ്ടു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെ 32 കുടുംബങ്ങൾ ഹാളിനു ചുറ്റുമായി തിങ്ങിപ്പാർക്കുന്നുണ്ട്. ശരിയായ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തതിനാലും ഹാൾ ഉപയോഗിക്കുന്നവർ മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാത്തതുമൂലവും പ്രദേശ വാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. ആവശ്യമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കേണ്ടതും പദ്ധതി പ്രകാരം വാങ്ങിയ മോട്ടോർ ഉപയോഗപ്രദമാക്കുന്നതിനും തകരാറുകൾ പരിഹരിച്ച് ഹാൾ പ്രവർത്തന സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-24 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ പദ്ധതികൾ-പൊതു അപാകതകൾ

2015-16 വർഷത്തിൽ 96 പദ്ധികൾ ഉണ്ടായിരുന്നതിൽ 69പദ്ധികൾ പൂർത്തീകരിച്ചിട്ടുണ്ട്.ഈ പദ്ധികൾക്കായി 3 03 98 965/- രൂപ വകയരുത്തിയതിൽ 31-3-2016 വരെ 1 68 07 715/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധികളുടെ പരിശേധനയിൽ കണ്ട പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1.ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

ഫയലിൽ നിന്ന് എന്തെങ്കിലും രേഖകൾ നഷ്ടപ്പെട്ടാൽ /എടുത്തുമാറ്റിയാൽ അറിയാനൊ/കണ്ടുപിടിക്കുവാനൊ കഴിയാത്ത രീതിയിലാണ് നിലവിലുള്ള ഫയൽ സൂക്ഷിപ്പ് രീതി . ഇത് ശരിയായ നടപടിക്രമമല്ല.ഫയൽ പേജുകളിൽ ക്രമമായി നമ്പരിട്ട് സൂക്ഷിക്കുന്ന സംവിധാനം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

2.രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്ന പലരേഖകളിലും കൃത്യമായ വിവരങ്ങളും തിയതികളും രേഖപെടുത്തുന്നില്ല. കരാറുകാരുടെ KVATരജിസ്റ്ററേഷൻ വിവരങ്ങൾ ,വാറ്റ് കോമ്പൗണ്ട് ചെയ്ത സാക്ഷ്യപത്രം, പഞ്ചായത്ത് കമ്മിറ്റി പ്രവർത്തി അംഗീകരിച്ച തീരുമാനം ,എത്ര EMD എത്ര SD അടവാക്കി എന്നിവയൊന്നും കൃത്യമായി ഫയലിൽ സൂക്ഷി ക്കുന്നില്ല. ടെണ്ടർലഭിച്ച കഴിഞ്ഞതിന് ശേഷം ടെണ്ടർ പ്രകാരമുള്ള നിരക്കുകളുടെ ടാബുലേഷൻ ഷീറ്റ് ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല.

3.പ്രവൃത്തികളുടെ തുടർ പ്രവർത്തനങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിന്നില്ല.

പഞ്ചായത്തുകളുമായും കോൺട്രാക്ടർ ,ഗുണഭോക്തൃ സമിതി എന്നിവയുമായുള്ള കത്തിടപാടുകൾ മറ്റ് തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിക്കുന്നില്ല. അതിനാൽ തുടർച്ചയില്ലാത്ത രീതിയിലാണ് നിലവിലെ ഫയൽ സൂക്ഷിപ്പ്

സംവിധാനം. ഫയലിനോടൊപ്പം നോട്ട് ഫയൽസൂക്ഷിക്കുന്ന സംവിധനം നടപ്പിലാക്കിയാൽ ഇത് പരിഹരിക്കാവുന്നതാണ്.

4.പദ്ധതികളുടെ വിശദാംശങ്ങളൊന്നും പ്രോജക്ട് റിപ്പോർട്ടിൽ രേഖപെടുത്തുന്നില്ല.

പദ്ധതികളുടെ വിശദാംശങ്ങളൊന്നും ഓഡിറ്റ് വർഷത്തിൽ പരിശേധിച്ച പ്രോജക്ട് റിപ്പോർട്ടുകളിൽ രേഖപെടുത്തിയിട്ടില്ല. ഇത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്.

5. സെലക്ഷൻ നോട്ടീസ് പല ഫയലിലും സൂക്ഷിച്ചിട്ടില്ല.

മിക്കവാറും പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകിയതായ കാണുന്നില്ല. G O (P) 87/97/PW&T തിയ്യതി 18-9-1997 പ്രകാരം ടെണ്ടർ ലഭിച്ച വ്യക്തി സെലക്ഷൻ നോട്ടീസ് കിട്ടി 20 ദിവസത്തിനുള്ളിൽ കരാറുകാരൻ എഗ്രിമെന്റ് വെച്ചില്ലെങ്കിൽ അടുത്ത 10 ദിവസത്തിനുള്ളിൽ PACയുടെ 1% തുക പിഴ ഒടുക്കി കരാർ ചമക്കാവുന്നതാണ്. എന്നാൽ ഈ നിയമ വ്യവസ്ഥ ഒഴിവാക്കുന്നതിനായി ബോധപൂർവ്വ ശ്രമം നടന്നതായി തോന്നുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

6.കരാർ ചമക്കുന്നതിലെ അപാകതകൾ.

പ്രവൃത്തി അവസാനിക്കേണ്ട തിയ്യതി കരാറിൽ രേഖപ്പെടുത്തുന്നില്ല .18-9-1997 ലെ ഉത്തരവ് പ്രകാരം കരാർ തിയ്യതിക്ക് പണി അവസാനിച്ചില്ലെങ്കിൽ നിയമാനുസരണം 20% സമയം ഗ്രേസ് പിരീഡ് നൽകി ബാക്കി വരുന്ന വൈകിയ സമയത്തിന് ആദ്യ 3 മാസത്തിന് അംഗീകരിച്ച pac യുടെ 1% തുകയും തുടർന്നുള്ള മുമ്മൂന്ന് മാസങ്ങൾക്ക് 2% തുകയും പിഴയായി ഈടാക്കേണ്ടതാണ്. ഈ നിയമ വ്യവസ്ഥ ഒഴിവാക്കുന്നതിനും ബോധപൂർവ്വ ശ്രമം നടന്നതായി കാണുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

7. 2015-16ൽ DPC അംഗീകാരം ലഭിച്ച 96പ്രോജക്ടുകളിൽ 27എണ്ണം ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല മാത്രമല്ല വകയിരുത്തിയ 3 03 98 965/-രൂപയിൽ 1 35 91 250/-രൂപ ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ചിട്ടില്ല. എന്തുകൊണ്ടാണ് ഇത്ര വലിയ തുക (45% ) ചെലവഴിക്കുവാൻ കഴിയാതിരുന്ന സാഹചര്യമുണ്ടായതെന്ന് വിശദീകരിക്കേണ്ടതാണ്.

## 3-25 മാരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

G.O.(P) NO 84/97/PW&T തിയ്യതി 19-8-1997 പ്രകാരം കരാറുകാരന് കരാർ അനുസരിച്ച് അനുവദനീയമായ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ,കാലതാമസം കോൺട്രാക്ടറുടേതായ കാരണത്താൽ അല്ലെങ്കിൽ കരാർ കാലയളവിന്റെ 20% സമയം ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതാണ്. ഇത് കഴിഞ്ഞുള്ള കാലതാമസത്തിന് കരാർ തുകയുടെ 1% വും തുടരുന്നവരുന്ന 3 മാസങ്ങൾക്ക് 2%വീതവും പിഴ ഈടാക്കാണ്ടതാണ്.ഇത്തരത്തിൽ പിഴ ഈടാക്കത്തതിനാൽ ഓഡിറ്റ് വർഷത്തിൽ--54666-രൂപ നഷ്ടമുണ്ടായിട്ടുണ്ട് ഇത് ബന്ധപെട്ടവരിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതാണ് .

| ക്രമ നം | മരാമത്ത് പണിയുടെ പേര്,കോൺട്രാക്ടർ /കൺവീനറുടെ പേര് | എസ്റ്റിമേറ്റ്/ കരാർ തുക | സെലക്ഷൻ നോട്ടീസ്/കരാർ തിയ്യതി | കരാർ കാലാവധി/ പണി പൂർത്തിയ്യായ തിയ്യതി | കരാർ പ്രകാരമുള്ള തിയ്യതി/അധികമുപയോഗിച്ച സമയം | പിഴ APACയുടെ 1%+2% | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1. | കൊമ്പത്ത്കടവ് കോളനി റോഡ് ശാന്തിഭൂഷൻ | 400000/ 400000 | ഹാജരാക്കിയിട്ടില്ല/14-12-15 | 6മാസം 31-3-16 | 20-9-15 6മാസം 12 ദിവസം | 13067 | എസ്റ്റിമേറ്റ്റേറ്റ് ബിൽ55/15-16 =286617 |
| 2 | ഉല്ലാസ് നഗർ മതിയകുന്ന് റോഡ് അറ്റകുറ്റപ്പണി AVപോൾസൺ | 233644/ 233644 | തിയ്യതി വെച്ചിട്ടില്ല/21-10-14 | 6മാസം 29-3-16 | 26-5-15 10മാസം 4ദിവസം | 13393 | എസ്റ്റിമേറ്റ്റേറ്റ് ബിൽ 74/15-16=233644 |
| 3 | പിണ്ടാണി ബാലവാടി റോഡ് VA തോമസ് | 420000/ 420000 | ഹാജരാക്കിയിട്ടില്ല/29-4-15 | 6മാസം 29-3-16 | 3-12-15 3മാസം 25ദിവസം | 5367 | എസ്റ്റിമേറ്റ്റേറ്റ് ബിൽ 77/15-16 364664 |
| 4 | കാരമ്പ്ര അച്ചംകളം പകരപ്പള്ളി റോഡ് AVപോൾസൺ | 443000/ 443000 | ഹാജരാക്കിയിട്ടില്ല/21-10-14 | 6മാസം 10-3-16 | 26-5-16 9മാസം 14ദിവസം | 22839 | എസ്റ്റിമേറ്റ്റേറ്റ് ബിൽ 47/15-16 410213 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 54666 | |

## 3-26 ആശ്രയ പദ്ധതി-ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണം.

2005ൽ ആരംഭിച്ച ആശ്രയ ഒന്നാം ഘട്ടം പദ്ധതി നാളിതുവരെ ലക്ഷ്യം നേടിയില്ല. സമൂഹത്തിലെ അവശരും അശരണരുമായവരെ കണ്ടെത്തി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിനും ജീവിത നിലവാരം ഉയർത്തി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ട ആശ്രയ പദ്ധതിഒന്നാം ഘട്ടം ഉദ്ദേശ ലക്ഷ്യങ്ങൾ നേടാതെ അവസാനിപ്പിച്ചു. ആദ്യഘട്ടത്തിന്റെ ഭൗതിക നേട്ട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ആവശ്യമായ സൗകര്യങ്ങൾ | ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണം | നൽകിയവ | ഇനിയും ലഭിക്കേണ്ടവ |
|---|---|---|---|
| വീടിന് സ്ഥലം | 17 | 4 | 13 |
| ഭവന പുനരുദ്ധാരണം | 4 | 1 | 21 |
| ഭവന നിർമ്മാണം | 22 | 5 | 17 |
| കുടിവെള്ള കണക്ഷൻ | 18 | - | 18 |
| ടോയ് ലറ്റ് | 16 | - | 16 |
| ഭക്ഷണം | 27 | 26 | 1 |
| തൊഴിൽ | 13 | - | 13 |
| വസ്ത്രം | 28 | 28 | - |
| മരുന്ന് | 28 | 13 | 15 |
| വിദ്യാഭ്യാസം | 9 | 6 | 3 |

ആശ്രയ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സി.ഡി.എസ് നൽകിയ കണക്കുകളാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിലെ 25ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ രണ്ടാംഘട്ടത്തിൽ ആകെ 111 ഗുണഭോക്താക്കൾ ഉണ്ട്. 2009 കാലഘട്ടത്തിൽ ആരംഭിച്ച രണ്ടാം ഘട്ടത്തിന്റെ നിലവിലെ സ്ഥിതിയും ഒന്നാം ഘട്ടത്തിൽ നിന്നും വ്യത്യസ്തമല്ല എന്നാണ് കാണുന്നത്. പഞ്ചായത്ത് ഓരോ വർഷവും വിവിധ മേഖലകളിൽ നടപ്പാക്കുന്ന പദ്ധതികളിലുൾപ്പെടുത്തി മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പരിഹരിച്ചു നൽകാൻ സാധിക്കുമെന്നിരിക്കെ അതിനു കഴിയാതെ പോയതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതാണ്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി തൽസ്ഥിതി വിവരക്കണക്ക് തയ്യാറാക്കേണ്ടതും ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ മുൻഗണനാ പട്ടികയിലുൾപ്പെടുത്തി പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റി, സി.ഡി.എസ്, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-27 തൊഴിലുറപ്പ് പദ്ധതി-സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കണം.

2015-16 വർഷത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം 554പദ്ധതികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 6,92,93,000/-രൂപ ചെലവഴിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിൽ തൻ വർഷം നടപ്പിലാക്കിയ 144 പദ്ധതികളിലായി 82,22,673 രൂപ ചെലവഴിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ആകെ 2290 കുടുംബങ്ങളിൽ 603 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 100 തൊഴിൽ ദിനങ്ങൾ ലഭിച്ച 182 കുടുംബങ്ങളും ഉൾപ്പെടുന്നു. മേൽ പ്രവൃത്തികളിൽ 2015 ഒക്ടോബർ വരെ നടത്തിയ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് മാത്രമാണ് നടന്നിട്ടുള്ളത്.

2014 ജനവരി 3 ന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ച മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിജ്ഞാപനം പട്ടിക I ക്രമനമ്പർ 25 B പ്രകാരം എല്ലാ പ്രവൃത്തികൾക്കുമായി ഓരോ മാസവും കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും 25 C പ്രകാരം ആറു മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തികളുടെ ഉപയോഗയോഗ്യതകളും(Utility) ഉണ്ടായ നേട്ടവും (Out come)വിലയിരുത്തുന്നതിനും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തി സ്ഥലത്തെ അളവുകളും തമ്മിൽ ഒത്തു നോക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തണമെന്ന് 25C (iii) പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തു പരിധിയിൽ നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളും ദീർഘ നാളുകൾക്ക് ശേഷം സ്ഥലപരിശോധന നടത്തി അളവു പുസ്തക രേഖപ്പെടുത്തലുകളുമായി ഒത്തു നോക്കാൻ സാധിക്കാത്തവയാണ് എന്നതിനാൽ വൈകി നടത്തുന്ന സോഷ്യൽ ഓഡിറ്റുകൾ ഓഡിറ്റിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തിയേക്കാൻ സാധ്യതയുണ്ട്. ആയതിനാൽ സമയബന്ധിതമായി സോഷ്യൽ ഓഡിറ്റ് നടത്തി ചെലവുകൾ നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-28 ജലനിധി-അവലോകനം

ഗ്രാമീണ ശുദ്ധജല ശുചിത്വ മേഖലകളെ ശക്തിപ്പെടുത്തുന്നതിനും, ജനകീയ പങ്കാളിത്തത്തോടെ എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന കേരളസർക്കാർ ജലവകുപ്പിന്റെ കീഴിലുള്ള സ്വതന്ത്ര സ്ഥാപനമായ KRWSA യും പുത്തൻ ചിറ ഗ്രാമപഞ്ചായത്തും ഗുണഭോക്തൃസമിതിയും സംയുക്ത സഹകരണത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതി (രണ്ടാംഘട്ടം) 2013-14 ലാണ് പുത്തൻചിറ പഞ്ചായത്തിൽ ആരംഭിച്ചത്.

മാള മൾട്ടി ജിപിസമഗ്ര ശുദ്ധജലവിതരണ പദ്ധതി എന്ന ഈ പദ്ധതിയുടെ അടങ്കൽ 7.46 കോടി രൂപയാണ്. തുകയുടെ 75% സംസ്ഥാന സർക്കാരും 15%ഗ്രാമപഞ്ചായത്തും 10%ഗുണഭോക്തൃവിഹിതവുമാണ്. കേരള വാട്ടർ അതോറിറ്റിയുടെ വൈന്തല പ്ലാന്റിൽ നിന്ന് ബൾക്ക് മീറ്റർ ലൈനുകൾ വഴി പദ്ധതിക്കാവശ്യമായ ജലം ലഭ്യമാക്കുന്നു. ഇതിന്റെ ഭാഗമായി 4.4 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, 350 mm DI, 32mm PVC പൈപ്പുകൾ ഉപയോഗിച്ച് 83 കിലോമീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 2044 ഗുണഭോക്താക്കൾക്ക് പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടേതുൾപ്പെടെ ആകെ 3850 കണക്ഷനുകൾ നിലവിലുണ്ട്. പദ്ധതിയുടെ 95% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി തൻ വർഷത്തിൽ നൽകിയ 12,50,000രൂപ ഉൾപ്പെടെ ആകെ 45,50,000 രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിലവിൽ വാട്ടർ അതോറിറ്റി ജലം ഉപയോഗിച്ച് ലൈനുകൾ ചാർജ്ജ് ചെയ്യുന്ന പ്രവൃത്തികൾ നടന്നു വരുന്നു. കമ്മീഷൻ ചെയ്ത് ഒരു വർഷത്തേക്ക് അറ്റകുറ്റ പണികൾ കരാറുകാരന്റെ ചെലവിൽ നടത്തുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി തുടർ നടത്തിപ്പിന്റെ ചുമതല ഗുണഭോക്തൃ സമിതി/ സ്കീം ലെവൽ കമ്മിറ്റികൾക്കാണ്. ഇതിനായി നിയമാവലി തയ്യാറാക്കുകയും KRSWA യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമായ സാങ്കേതിക വിദഗ്ധർ, ജീവനക്കാർ എന്നിവരെ നിയമിക്കുകയും ചെയ്യേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിലെ സുതാര്യതയും ജന പങ്കാളിത്തവും ഉറപ്പു വരുത്തുന്നതിന് ഗുണഭോക്തൃ തല ഫെഡറേഷൻ, ഗ്രാമപഞ്ചായത്തുതല ആക്ടിവിറ്റി കമ്മിറ്റികൾ എന്നിവ രൂപീകരിക്കണം.

തുടർച്ചയായ ശുദ്ധജല ജലലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകളിൽ അധികരിക്കാതെ ശുദ്ധജല വിതരണം കാര്യക്ഷമമായി നടത്തുന്നതിനും ജലലഭ്യത, ജല വിതരണം എന്നിവ സംബന്ധിച്ച് ജലവിതരണ ഏജൻസിയായ വാട്ടർ അതോറിറ്റിക്കും ഗുണഭോക്താക്കൾക്കും ബാധകമായ കരാറുകൾ/നിയമാവലികൾ എന്നിവ തയ്യാറാക്കുന്നതിനും ജല മലിനീകരണം, ജലചൂഷണം എന്നിവ തടയുന്നതിന് ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഉറപ്പു വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്കീം ലെവൽ കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റിയുടെ എന്നിവരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000, 100000, 100000 | 1.സമഗ്രനെൽകൃഷി 2.യുവജനങ്ങൾക്ക് പശു വളർത്തൽ 3. വാഴക്കന്ന് വിതരണം (വനിത) | 1.89034 2. 0 3. 25035 | 1.10966 2.100000 3.74965 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 50000 | 1.വികലാംഗ വിദ്യാർത്ഥികൾക്ക് പഠനസഹായം<br>2.കണ്ണത്ത്റോഡ് എക്സ്റ്റൻഷൻ | 1. 50000<br>2. 0 | 1. 0<br>2. 500000 |
| ശുചിത്വമിഷൻ | 2015-16 | 313875 | ബയോഗ്യാസ് പ്ലാൻറ് | 313875 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈറ്റിന് പുതിയ ലൈൻ | 1)21501228<br>2)21501231 | - | 1)114488<br>2)63732 | 1) 21770<br>2)- |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1)21501191<br>2)21501230<br>3)21501264 | - | 1)26739<br>2)23261<br>3)36000 | 1) –<br>2)<br>3)14000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 250/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013/14 | 8/ PARA 1 | 250 | ജ്യോതിരാജ്.എം.വി | 11503102261/ 24.11.15 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45938704/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61620657 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല: |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54666/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 680996 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-25 | | 54666/- | ആര്യ.വി.ബി.,അസി എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 150000/- | സെക്രട്ടറി,എ.വി.കാർത്തികേയൻ |
| 3-7 | 71675 | അസി.സെക്രട്ടറി,കുമാരി.എം.പി |
| 3-9 | 50000/- | അസി.സെക്രട്ടറി,കുമാരി.എം.പി |
| 3-10 | 65000 | ,, |
| 3-12 | 122500 | സെക്രട്ടറി,എ.വി.കാർത്തികേയൻ |
| 3-15 | 200000/- | വെറ്ററിനറി സർജൻ,ഡോ.സെയിൻ.കെ.ജി |
| 3-17 | 21263 | കൃഷി ഓഫീസർ,രാധിക.കെ.യു |
| 3-22 | 558 | ഐസിഡിഎസ് സൂപ്പർവൈസർ,ലളിത.കെ.കെ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആര്യ.വി.ബി | അസി.എൻജിനീയർ,പുത്തൻചിറ,ഗ്രാമപഞ്ചായത്ത് | വെള്ളാംപറമ്പിൽ,പുല്ലൂറ്റ് |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ടി.(പി.1)-366/12 തിയതി.01.03.12/ 02.05.12 |
| 75-76 | |
| 76-77 | |
| 78-79 | |
| 79-80 | |

| | |
|---|---|
| 80-81 | |
| 81-82 മുതൽ 91-92 വരെ | |
| 92-93, 93-94 | |
| 94-95, 95-96 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 96-97 | |
| 97-98 | |
| 98-99 ചെലവ് | |
| 99-2000 ചെലവ് | |
| 2000-01, 01-02 (പ്ലാൻ) | |
| 2001-02 | |
| 2002-03 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 98-99 വരവ് | |
| 99-2000 വരവ് | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 07-08 | എൽ.എഫ്.ടി(പി.12)-1813/10 തീ.14-10-10 |
| 08-09 | എൽ.എഫ്.ടി(പി.12)-1814/10 തീ.14-10-10 |
| 09-10 | എൽഎഫ്.ടി(പി12)-1815/10 തിയതി.4.10.11/3.11.11 |
| 10-11 | എൽഎഫ്.ടി(പി1)-1953/12 തിയതി.8.1.13/8.3.13 |
| 11-12 | എൽഎഫ്.ടി(പി1)-2579/13 തിയതി.9.1.14 |
| 12-13 | എൽഎഫ്.ടി(പി1)-1768/14 തിയതി.4.4.15/12.6.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. പി-1-1684/15 തീ.28-12-15/9-2-16 |
| 14-15 | കെ എസ് എ ടി എസ് ആർ പി1-1034/16 /30.6.16/28.7.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1

# AUDIT CERTIFICATE

No. KSA-TSR(P1)1985/2016

kerala State Audit Department

District Audit Office, Thrissur

PIN- 680 020
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated:14.11.2016

Certified that I have audited the Annaual Fianacial Statement of Puthenchira Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Puthenchira Grama Panchcyat for the year 2015-16 except the

observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office,
Thrissur.

കെ.എസ്.എ-ടി.എസ്.ആർ(പി.1)1985/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി :14.11.2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുത്തൻചിറ

ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.